കെഎസ്എ.കെടിഎം.പി.5-1270/2017 തീയതി: 14.08.2017

# കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.9.2016 മുതൽ 30-6-17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീസാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-7-17 മുതൽ 28-7-17വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നടരാജൻ.പി.ബി. | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| | ശ്രീമതി ലേഖ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോർജ്ജുകുട്ടി ജോസഫ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.ബി.ബിജുകുമാർ | 1-4-16 മുതൽ 31-3-17 വരെ |
| സെക്രട്ടറി | ശ്രീമതി.അനിത എം.തോമസ് | 1-4-16 മുതൽ 31-3-17 വരെ |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഭാസുരദാസ്.ജി.വി<br>ശ്രീമതി ബീന.എം<br>ശ്രീമതി ഷീബാമോൾ.കെ.എം | 1.4.2016 മുതൽ 5.9.2016 വരെ<br>6.9.2016 മുതൽ 22.12.2016<br>3.1.2017 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി അനിത എ.വി. | 1-4-16 മുതൽ 31-3-17വരെ. |
| അസി.എൻജിനീയർ | ശ്രീമതി ദിവ്യ.എസ്.നായർ | 1-4-16 മുതൽ 31-3-17വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.ജിജേഷ് കുമാർ<br>ഡോ.രാജിറോസ് ജേക്കബ് | 1-4-16 മുതൽ 1-10-16വരെ<br>1.10.2016മുതൽ31.3.2017വരെ |
| വി.ഇ.ഒ | ശ്രീ.ഗിരീഷ്<br>ശ്രീ.ബിജോയ് സേവ്യർ | 1-4-16മുതൽ 31-3-17വരെ<br>18-2-2017 മുതൽ 31-3-17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഷിമിമോൾ<br>ശ്രീമതി.ദീപ്തി.വി. | 1.4.2016മുതൽ 2.8.2016 വരെ<br>3.8.2016 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൗമ്യ എസ്<br>ശ്രീമതി ബീന പി.എസ്. | 01.04.16 മുതൽ 10.02.17 വരെ.<br>11.02.17 മുതൽ 31.03.17 |
| മെഡി.ഓഫീസർ (ആയുർവേദം) | ഡോ.സീബാ.എസ്.ബാലകൃഷ്ണൻ | 1-4-16മുതൽ 31-3-17വരെ |
| മെഡി.ഓഫീസർ (ഹോമിയോ) | ഡോ.ബേസിൽ തമ്പി | 1-4-16മുതൽ 31-3-17വരെ. |
| മെഡി.ഓഫീസർ (അലോപ്പതി) | ഡോ.എസ്സ്.അനിതാകുമാരി | 1-4-16 മുതൽ 31-3-17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി അനിതാസൂസൻ അലക്സ് | 1-4-16 മുതൽ 31-3-17 വരെ. |

| ഉള്ളടക്കം | വിഷയം |
|---|---|

| |
|---|
| ഭാഗം 1-പൊതു അവലോകനം |
| 1-1 ബജറ്റ് |
| 1-2 വാർഷിക ധനകാര്യപത്രിക |
| 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 സാമ്പത്തിക വിശകലനം |
| 1-5 ഫണ്ട് വിനിയോഗം |
| 1-6 പദ്ധതി അവലോകനം |
| 1-7 തനത് വരുമാനം |
| 1-8 ക്ഷേമ പദ്ധതികൾ |
| 1-9 ക്യാഷ് വെരിഫിക്കേഷൻ |
| 1-10 ആഭ്യന്തരനിയന്ത്രണം |
| 1-11 മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2-വരവുകണക്കുകൾ |
| 2-1 വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 ഇ-ടെൻഡർ--ടെൻഡർ ഫീ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റി ലഭിച്ചിട്ടില്ല |
| 2-3(1) വസ്തുനികുതി വൻ തുക കുടിശ്ശികയായി അവശേഷിക്കുന്നു. |
| 2-3(2) വസ്തുനികുതി നിർണ്ണയത്തിലെ അപാകത |
| 2-3 (3) പാരാമിലിട്ടറി വിഭാഗത്തിൽപ്പെട്ടവർക്ക് വസ്തുനികുതിയിളവ് നൽകി |
| 2-3(4) വസ്തുനികുതി പരിഷ്കരണം--ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ |
| 2-4(5) ഡി & ഒ ലൈസൻസ്--സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല |
| 2-4(4) സ്വകാര്യധനവിനിമയസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല |
| 2-4(3) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-4(2) വിമുക്തഭടനെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി |
| 2-4(1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-5 പഞ്ചായത്ത് ഉടമസ്ഥതയില്ലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ വാടക അടവാക്കുന്നില്ല |
| 2-6 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല |
| 2-7-1 ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 2-7-2 കെട്ടിടത്തിന്റെ ക്രമവൽക്കരണം--നടപടിക്രമങ്ങളിലെ അപാകത |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |

| |
|---|
| 3-1 പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കേരള ജലവിഭവ വകുപ്പുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല--വെള്ളക്കരമിനത്തിൽ പാഴ് ചെലവ് |
| 3-2 വ്യക്തിഗത ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല--തുടർ നടപടികൾ നിരീക്ഷിക്കേണ്ടതാണ്. |
| 3-3 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ--മരുന്ന് നാളിതുവരെയും ലഭ്യമാക്കിയില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി--16392/- രൂപയുടെ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല |
| 3-5 ബില്ലിംഗ് മെഷീൻ വാങ്ങിയത് ക്രമപ്രകാരമല്ല |
| 3-6 കുടുംബശ്രീ. ഓഫീസ് നവീകരണം--പ്രോജക്ട് നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് |
| 3-7 ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകൾക്ക് പ്രോജക്ട് മുഖാന്തിരം തുക ചെലവഴിച്ചു |
| 3-8 ടാക്സി സ്റ്റാന്റ് നിർമ്മാണം തുടർ നടപടികളിലെ വീഴ്ചകൾ |
| 3-9 ആശ്രയ ഒന്നാംഘട്ടം പദ്ധതി പണം ചെലവഴിയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 3-10 പ്രവൃത്തിയുടെ പൂർത്തീകരണം/വിനിയോഗ വിശദാംശങ്ങളില്ല--ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-11 എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം |
| 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 വായ്പ/വായ്പ തിരിച്ചടവ് |
| 4-5 സ്ഥിരനിക്ഷേപങ്ങൾ |
| 4-6 ഓഡിറ്റ് റിക്കവറി |
| 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 ഓഡിറ്റ് പ്രത്യവലോകനം |
| 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| ബാലൻസ് ഷീറ്റ് 2016-17 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2016-17 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് 2016-17 |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 28.3.17 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|

| | | | കൂടുതൽ | കുറവ് |
|---|---|---|---|---|
| മുന്നിരിപ്പ് | 29377122 | 6958151.55 | | 22418970.45 |
| വരവ് | 61699000 | 49880745 | | 11818255 |
| ആകെ | 91076122 | 56838896.55 | | 34237225.45 |
| ചെലവ് | 85657000 | 46897600 | | 38759400 |
| നീക്കിയിരിപ്പ് | 5419122 | 9941296.55 | | 4522174.55 |

## 1-2 വാർഷിക ധനകാര്യപത്രിക

2016-17 വർഷത്തെ വാർഷികകണക്കുകൾ 21-6-17- ാം തീയതി ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷികകണക്കുകൾ ഓഡിറ്റ് വേളയിൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6958151.55 |
| വരവ് | 49880745 |
| ആകെ | 56838896.55 |
| ചെലവ് | 46897600 |
| നീക്കിയിരിപ്പ് | 9941296.55 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9228696 | 7771833 | 1456863 | 84.21 |
| വികസനഫണ്ട് എസ്.സി.പി. | 5626917 | 3962652 | 1664265 | 70.42 |
| വികസനഫണ്ട് ടി.എസ്.പി. | 186012 | 134875 | 51137 | 72.5 |
| സംരക്ഷണഗ്രാന്റ് റോഡ് | 9089196 | 8597008 | 492188 | 94.5 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 2554755 | 1532353 | 1022402 | 59.98 |
| 13-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5175464 | 4191585 | 983879 | 80.9 |
| പെർഫോമൻസ് ഗ്രാന്റ് | 1925176 | 1925176 | 0 | 100 |
| എ.എൻ.ആർ.ഇ.ജി. എസ്. | 547+5116861 | 5116225 | 1183 | 99.9 |

## 1-6 പദ്ധതി അവലോകനം

2016-17 പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ 1.2.16 ലെ 3-ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം രൂപീകരിച്ചു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 16.02.2016 ലും ഗ്രാമസഭകൾ 23.02.2016 മുതൽ 05.11.2016 വരെ തീയതികളിലും നടന്നു. ഊരുകൂട്ടയോഗങ്ങൾ 8.6.2016, 11.11.2016, 14.11.2016 തീയതികളിൽ ചേർന്നു. വികസന സെമിനാർ 22.6.2016 ൽ നടന്നു. 28.6.2016 1(2) നമ്പർ തീരുമാനപ്രകാരം 2016-17 വാർഷിക പദ്ധതി അംഗീകരിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 39843753 | 124 | 31461239 | 20 | 18 | 89 |

2016-17 വാർഷിക പദ്ധതിയുടെ നേട്ട/കോട്ടങ്ങൾ ചുവടെ ചേർക്കുന്നു.

നേട്ടങ്ങൾ

1. ഉൽപ്പാദന മേഖലയിൽ കാർഷിക വികസനത്തിന് ഉതകുന്ന പ്രോജക്ടുകൾ നടപ്പിലാക്കി.
2. ക്ഷീരകർഷകർക്ക് പ്രചോദനമേകുന്ന പാലിന് സബ്സിഡി,കന്നുകുട്ടി പരിപാലനം മുതലായ പ്രോജക്ടുകൾ നടപ്പിലാക്കി.
3. സേവന മേഖലയിൽ സാന്ത്വന പരിചരണം,അങ്കണവാടി പോഷകാഹാര വിതരണം,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്നീ പ്രോജക്ടുകൾ നടപ്പിലാക്കി.
4. ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയകരമായി നടപ്പാക്കി.(പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്)
5. പശ്ചാത്തല മേഖലയിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി,വിവിധ റോഡുകളുടെ കോൺക്രീറ്റിംഗ് എന്നിവ പൂർത്തിയാക്കി.

കോട്ടങ്ങൾ

1. കാർഷിക വികസന കേന്ദ്രം എന്ന പ്രോജക്ട് നടപ്പിലാക്കിയില്ല

2. അതുല്യം പ്രോജക്ട് നടപ്പാക്കാൻ സാധിച്ചില്ല

3. പഞ്ചായത്ത് വക ടാക്സി സ്റ്റാന്റ് സ്ഥലത്ത് അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തുക വകയിരുത്തിയിരുന്നെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 65 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 5321668 | 6834949 | 1513281 | (+)28.4 |
| നികുതിയേതര വരവുകൾ | 57965720 | 14828006 | (-) 43137714 | (-)74.4 |
| മറ്റുവരവുകൾ | 5121 | 200644 | 195523 | 38 |
| ആകെ | 63292509 | 21863599 | (-)41428910 | (-)65 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 81960 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 2174440 | 1192 |
| വിധവാപെൻഷൻ | 6352990 | 2626 |
| വാർദ്ധക്യകാലപെൻഷൻ | 11771475 | 5362 |
| വികലാംഗപെൻഷൻ | 1841100 | 821 |
| അവിവാഹിതരായ 50വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 244660 | 95 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27/7/2017 3 pmന് കാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7570/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പരിഷ്കരിച്ച് ഈടാക്കിയിട്ടില്ല. സർക്കാർ ഓഫീസുകൾക്ക് വാടകയ്ക്ക് കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശികയാണ്. സർക്കാർ ഓഫീസുകളുമായി വാടക കരാർ ചമയ്ക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്തുകാർ, സ്വകാര്യ മെഡിക്കൽ പ്രാക്ടീഷണർമാർ, സ്വകാര്യ ധനവിനിമയ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. വാർഡടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും, എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല.

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിവർഷം വലിയ തുക അടവാക്കുന്നുണ്ടെങ്കിലും കേരളാജലവിഭവ വകുപ്പുമായി സംയുക്ത പരിശോധന നടത്തി ഉപയോഗയോഗ്യമായ ടാപ്പുകൾക്ക് മാത്രമാണ് കരമടയ്ക്കുന്നത് എന്നുറപ്പാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ ചെലവ് സംബന്ധമായ വൗച്ചറുകൾ വളരെ ഭംഗിയായി, അനുബന്ധരേഖകൾ സഹിതം സൂക്ഷിക്കുന്നതിൽ അക്കൗണ്ടന്റ് ശ്രമിച്ചിട്ടുണ്ട്.

13.01.2010 ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/09/ത.സ്വ.ഭ.വ. പ്രകാരം ആസ്തി രജിസ്റ്ററിന് നാലുഭാഗങ്ങൾ ഉണ്ടാകണം. റോഡ്, കുടിവെള്ള പദ്ധതി, നടപ്പാത, മറ്റ് കെട്ടിടങ്ങൾ എന്നിവയ്ക്ക് പ്രത്യേകമായി. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ രണ്ട് ഭാഗമാണുള്ളത്. 112 പേജുള്ള റോഡ് ഭാഗവും, 45 പേജുള്ള നടപ്പാതയുടെ ഭാഗവും, ഈ ഭാഗങ്ങൾ ആകട്ടെ സർക്കാർ മാർഗ്ഗ നിർദ്ദേശമനുസരിച്ചല്ല തയ്യാറാക്കിയിട്ടുള്ളത്. ആസ്തി ബാധ്യതാ പത്രികയിലെ ആസ്തി നിർണ്ണയിക്കുന്നതിന് പ്രസ്തുത രജിസ്റ്റർ സഹായകരമാവുന്നില്ല. ഉദാ:പ്രോജക്ട് പ്രൊഫോർമയുടെ 36-ാം ശീർഷകത്തിൽ ആസ്തി രജിസ്റ്ററിന്റെ വിവരങ്ങളും, കോഡ് നമ്പരും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പ്രൊഫർമയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഡ് നമ്പരും, ആസ്തി വിവരവും ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 3-7 കാണുക). സർക്കാർ നിർദ്ദേശ പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി മരാമത്ത് പ്രവൃത്തികൾ പഞ്ചായത്തിന്റെ ആസ്തിയിന്മേൽ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-6-17, 13-6-17 | 1.5.17 -31.5.17 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2/05/17-<br>16/05/17 | 2012-13 മുതൽ<br>2016-17 വരെ | LBA(HQ)2/8A-2623/17-18 dtd19.6.17 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കിന്റെ അവലോകനം

കുറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികകളുടെ ഭാഗമായ റസീപ്റ്റ്സ് ആന്റ് പേയ്മന്റ്സ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 6958151/-രൂപയും തൻവർഷവരവ് 4,98,80,745/-രൂപയും തൻവർഷത്തെ ചെലവ് 4,68,97,600/-രൂപയും വർഷാവസാനബാക്കി 99,41,296/-രൂപയുമാണ് (അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് മാത്രം. കാഷ് ബാലൻസ് ഇല്ല). തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം 7,09,66,566/-രൂപയും ആകെ ചെലവ് 6,86,12,635/-രൂപയുമാണ്. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളിലൂടെ (Prior Period Items) അധിക വരുമാനമായി കണക്കാക്കിയ 8,79,575/-രൂപ ഉൾപ്പടെയുള്ള പ്രവർത്തന മിച്ചം 32,33,506/-രൂപയുമാണ്. 31-3-2017 ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 6,71,92,823.55/-രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 3,66,43,528.15/-രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 30549295/-രൂപയുമാണ്.

മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ റിസൽറ്റുകൾ പ്രതിഫലിപ്പിക്കുന്ന ധനകാര്യസ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിൽ വിശകലനം ചെയ്തതിലും പരിശോധിച്ചതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1- ഗ്രാമപഞ്ചായത്തിന്റെ06.07.2016 ലെ 3-ാം നമ്പർ തീരുമാനം പ്രകാരം വാർഷിക ധനകാര്യപത്രിക അംഗീകരിച്ചിട്ടുണ്ടെങ്കിലും മുൻവർഷ കണക്കുകളുമായി താരതമ്യം ചെയ്യുകയോ ധനകാര്യ വിശകലനം നടത്തുകയോ ചെയ്തിട്ടില്ല.

2-അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കുകയോ പിന്തുടർന്ന അക്കൗണ്ടിംഗ് പോളിസികളുടെ വിവരം, സ്ഥിരീകരിക്കാത്ത സ്റ്റേറ്റ്മെന്റുകളുടേയും തുകകളുടേയും വിവരം എന്നിവ വെളിപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3-ബാലൻസ് ഷീറ്റിലെ ബി-7 ഷെഡ്യൂളിലെ റെന്റ് ഡെപ്പോസിറ്റ് ഇനത്തിലുള്ള തുകയും വാടക രജിസ്റ്ററിലെ ഈയിനത്തിലുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

4-ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയായിട്ടില്ല.

### 2-2 ഇ-ടെൻഡർ - ടെൻഡർ ഫീ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല.

2016-17 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ ചുവടെ ചേർക്കുന്ന വേലകളുടെ ടെൻഡർ ഫീ (5% വാറ്റ് ഉൾപ്പെടെ) കരാറുകാർ ഓൺലൈനായി എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ആയതിൽ ടെൻഡർഫീയിനത്തിലുള്ള തുക നാളിതുവരെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | കോൺട്രാക്റ്ററുടെ പേര് | ടെൻഡർഫോറം വില |
|---|---|---|---|
| so-80/17 | മാടത്തിൻചിറ അങ്കണവാടി നിർമ്മാണം | ആന്റോ ജോബ് | 1420+വാറ്റ് |
| | | പ്രീത് മാത്യു | 1420+വാറ്റ് |
| | | ശ്രീജിത് എസ് | 1420+വാറ്റ് |
| | | ജോസഫ് എ എസ് | 1420+വാറ്റ് |

മേൽ തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-3-1 വസ്തുനികുതി വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യപത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിനത്തിൽ 40,61,698/-രൂപ കുടിശ്ശികയുള്ളതായി കാണുന്നു. തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 2-3-2 വസ്തുനികുതിനിർണയത്തിലെ അപാകത

ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ എ.എൻ ദിലീപ്കുമാർ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 2016-17 വർഷം വസ്തുനികുതിനിർണയം നടത്തിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1.വസ്തുനികുതി നിർണയ രജിസ്റ്റർ പ്രകാരം 22.12.2016 ൽ നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന്റെ ഭാഗങ്ങൾക്ക് യഥാക്രമം 491A (തറവിസ്തീർണം-28.95ച.മീ) 491B (തറവിസ്തീർണം-28.95ച.മീ) 491C(തറവിസ്തീർണം-28.95ച.മീ) 491D(സ്റ്റെയർകേസ് റൂം-തറവിസ്തീർണം-16.11ച.മീ ) എന്നിങ്ങനെ നമ്പർ നൽകി 35/-രൂപ അടിസ്ഥാനനികുതിനിരക്ക് ചുമത്തി നികുതി നിർണയിച്ചിട്ടുണ്ട്. ഇപ്രകാരം നികുതി നിർണ്ണയിച്ചപ്പോൾ മേൽക്കൂരയുടെ തരം ഷീറ്റ് എന്ന് രേഖപ്പെടുത്തി അതിന്റെയടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ 10% ഇളവ് നൽകിയാണ് നികുതി നിർണയിച്ചിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് കോൺക്രീറ്റ് മേൽക്കൂരയാണുള്ളതെന്ന് കാണുന്നു. ആയതിനാൽ അനർഹമായ വസ്തുനികുതിയിളവ് നൽകിയതിന് വിശദീകരണം നൽകണമെന്നും പരിശോധന നടത്തി വസ്തുനികുതി പുനർനിർണയിച്ച്, ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.8) മറുപടിയിൽ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-3-3 പാരാമിലിട്ടറി വിഭാഗത്തിൽപ്പെട്ടവർക്ക് വസ്തുനികുതിയിളവ് നൽകി.

വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പാരാമിലിറ്ററി വിഭാഗത്തിൽപ്പെട്ടവരെ വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമനം | കെട്ടിടനം | ഉടമയുടെ പേര് | മിലിട്ടറി വിഭാഗം |
|---|---|---|---|
| 1 | 3/56 | ഹരികുമാർ സി.ആർ | ആസാം റൈഫിൾസ് |
| 2 | 14/90 | ഒ.സി ശ്രീധരൻ പിള്ള | ആസാം റൈഫിൾസ് |
| 3 | 16/485 | സുരേഷ് കുമാർ റ്റി | ആസാം റൈഫിൾസ് |
| 4 | 8/143 | കെ ശ്രീകുമാർ നായർ | ആസാം റൈഫിൾസ് |
| 5 | 16/472 | കെ.കെ ഗോപി | ആസാം റൈഫിൾസ് |

ഗവ.ലറ്റർ നം.4559/ എൻ 2/ 06/ 15.തസ്വഭവ 15. 7.06 (പഞ്ചായത്ത് ഡയറക്ടർക്കയച്ച കത്ത്) പ്രകാരം വിമുക്തഭടൻമാർക്ക് നൽകുന്ന ഇളവ് പാരാമിലിറ്ററി വിഭാഗത്തിൽ നിന്നും വിരമിച്ചവർക്ക് ബാധകമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിഭാഗത്തിൽപ്പെട്ടവരെ വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.6) മറുപടിയിൽ തുടർനടപടി കൈക്കൊള്ളുന്നതാണെന്നറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-3-4 വസ്തുനികുതി പരിഷ്കരണം- ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിർണ്ണയിച്ചിട്ടില്ല.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ മേൽ പറഞ്ഞ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് തീരുമാനിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല. മേൽ പറഞ്ഞ സർക്കാർ വിജ്ഞാപന പ്രകാരമുള്ള ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരന്റെ/ സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | അർബൻ സഹകരണബാങ്ക് ലിമിറ്റഡ് ,കറുകച്ചാൽ | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 2 | എൻ എസ് എസ് എസ്റ്റേറ്റ്,കറുകച്ചാൽ | -,,- |
| 3 | ശാരദാവിദ്യാമന്ദിരം,ചമ്പക്കര | -,,- |
| 4 | രാജഹംസാശ്രമം വിദ്യാപീഠം,കറുകച്ചാൽ | -,,- |
| 5 | ചമ്പക്കര ക്ഷീരോല്പാദകസഹകരണസംഘം | -,,- |
| 6 | ളുത്രപ്പള്ളി ക്ഷീരോല്പാദകസഹകരണസംഘം | -,,- |
| 7 | ശാന്തിപുരം ക്ഷീരോല്പാദകസഹകരണസംഘം | -,,- |
| 8 | ത്രിവേണി സൂപ്പർമാർക്കറ്റ്,കറുകച്ചാൽ | -,,- |
| 9 | കൺസ്യൂമർഫെഡ് നീതി മെഡിക്കൽ സ്റ്റോർ | -,,- |
| 10 | അർബൻബാങ്ക് നീതി മെഡിക്കൽ സ്റ്റോർ | -,,- |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/ 26.7.17) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി . സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4-2 വിമുക്തഭടനെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ന്യൂ ഇന്ത്യാ അഷ്വറൻസ്, കറുകച്ചാൽ എന്ന സ്ഥാപനത്തിലെ അസിസ്റ്റന്റായ ശ്രീ.ജ്യോതിസ് ഏബ്രഹാം, എന്ന ജീവനക്കാരനെ വിമുക്തഭടൻ എന്ന കാരണത്താൽ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും 2016-17 സാമ്പത്തികവർഷത്തിലെ ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ ഒഴിവാക്കി (പ്രതിമാസവരുമാനം-34774/-, ഈടാക്കേണ്ട തൊഴിൽനികുതി-1250/- അർദ്ധവർഷം). മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/26.7.17) ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. ടി ജീവനക്കാരന് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4-3 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും

സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | കെ എസ് ഇ ബി | 1, 2 അർദ്ധവർഷം |
| 2 | ബി എസ് എൻ എൽ | " |
| 3 | കെ എസ് എഫ് ഇ | " |
| 4 | കറുകച്ചാൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് | " |
| 5 | വാണിയപ്പുരയ്ക്കൽ ഫൈനാൻസിയേഴ്സ് | " |
| 6 | ന്യൂ ഇന്ത്യാ അഷ്വറൻസ്,ചാലിൽ ബിൽഡിംഗ്സ് | " |
| 7 | കാനറാ ബാങ്ക്, കറുകച്ചാൽ | 2-ാം അർദ്ധവർഷം |
| 8 | നടുവിലേടത്ത് ഫിനാൻസ് & ഇൻവെസ്റ്റ്മെന്റ്സ് | " |
| 9 | മേഴ്സി നേഴ്സിംഗ് ഹോം,കറുകച്ചാൽ | 2-ാം അർദ്ധവർഷം |
| 10 | എൻ എസ് എസ് എസ്റ്റേറ്റ്,കറുകച്ചാൽ | " |
| 11 | എയ്ഡഡ് സ്കൂൾ അദ്ധ്യാപക സഹകരണസംഘം, കറുകച്ചാൽ. | 2-ാം അർദ്ധവർഷം |
| 12 | ചമ്പക്കര ഫൈനാൻസ് പ്രൈ.ലി., കറുകച്ചാൽ | " |
| 13 | മാവേലി സ്റ്റോർ,കറുകച്ചാൽ | " |
| 14 | ത്രിവേണി സൂപ്പർ മാർക്കറ്റ് | " |
| 15 | കൺസ്യൂമർഫെഡ് നീതി മെഡിക്കൽസ്റ്റോർ | " |
| 16 | മിൽക്ക് സൊസൈറ്റി, ക്രുത്രപ്പള്ളി | " |
| 17 | കടന്തോട്ട് ചിട്ടി ഫണ്ട്സ്, കറുകച്ചാൽ | " |
| 18 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്സ്,എംഇഐ, കറുകച്ചാൽ | 2-ാം അർദ്ധവർഷം |
| 19 | ഇൻഡസിംഗ് മാർക്കറ്റിംഗ് ഫൈനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് | " |
| 20 | ചമ്പക്കര സർവ്വീസ് സഹകരണബാങ്ക്,<br>എം & ഇ ബ്രാഞ്ച്, കറുകച്ചാൽ | " |
| 21 | നീതി മെഡിക്കൽസ്റ്റോർ, അർബൻ ബാങ്ക് | " |
| 22 | മുളമൂട്ടിൽ ഫൈനാൻസസ് | " |
| 23 | ഗുരു കോളേജ് ഓഫ് നേഴ്സിംഗ് | " |
| 24 | കാരുണ്യാ ഐ ഹോസ്പിറ്റൽ | " |
| 25 | മന്നം മെമ്മോറിയൽ എൻ എസ് എസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ | " |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/ 26.7.17) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4-4 സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും

ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ശബരി എന്റർപ്രൈസസ്,കറുകച്ചാൽ |
| 2 | പോപ്പുലർ ഫൈനാൻസ്,കറുകച്ചാൽ |
| 3 | പാലയ്ക്കൽ ഫൈനാൻസിയേഴ്സ്,കറുകച്ചാൽ |
| 4 | ഓലിക്കര ബാങ്കേഴ്സ്,ചമ്പക്കര |
| 5 | നടുവിലേടത്ത് ഫൈനാൻസ് & ഇൻവെസ്റ്റ്മെന്റ്സ്, കറുകച്ചാൽ |
| 6 | മരിയ ഫൈനാൻസിയേഴ്സ്, കറുകച്ചാൽ |
| 7 | കറ്റൂർ എന്റർപ്രൈസസ്, കറുകച്ചാൽ |
| 8 | എൽ & പി ഫൈനാൻസ്, കറുകച്ചാൽ |
| 9 | കിഴക്കേക്കര ഫൈനാൻസിയേഴ്സ്, കറുകച്ചാൽ |
| 10 | കേരള സെൻട്രൽ ബാങ്കേഴ്സ്, കറുകച്ചാൽ |
| 11 | കാട്ടുകുന്നേൽ ബാങ്കേഴ്സ്, കുത്രപ്പള്ളി |
| 12 | ദേവി ഫൈനാൻസിയേഴ്സ്, ചമ്പക്കര |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/26.7.17) ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കി. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4-5 ഡി & ഒ ലൈസൻസ്-സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/കെട്ടിടനമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | പാരഗൺ പോളിമർ പ്രോഡക്റ്റ്സ് | 08 |
| 2 | മയൂര സിൽക്സ് | 30 |
| 3 | മാർ അപ്രേം എന്റർപ്രൈസസ് | 09 |
| 4 | ആര്യാ ഫ്യൂവലിംഗ് സർവ്വീസസ് | 05 |
| 5 | മാർജിൻഫ്രീ മാർക്കറ്റ് | 10 |
| 6 | ഗാർഡൻ ഫ്രൂട്ട്സ് പ്രോഡക്റ്റ്സ് | 07 |
| 7 | കഞ്ചൂസ് ഫാമിലി റെസ്റ്റോറന്റ് | 08 |
| 8 | മിഡ് വേ ഫാമിലി റെസ്റ്റോറന്റ് | 06 |
| 10 | മിഡ് വേ ഫുഡ് കോർട്ട് | 07 |
| 11 | ചങ്ങനാശ്ശേരി സഹകരണ മാർക്കറ്റിംഗ് സംഘം | 05 |
| 12 | പെപ്പർ ഇന്ത്യ കോർപ്പറേഷൻ | 08 |
| 13 | അമല യമഹ | 05 |
| 14 | ഹോട്ടൽ അലൈന | 06 |

മേൽപരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/26.7.2017) സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും, ഡി & ഒ ലൈസൻസ് അപേക്ഷകളിൻമേൽ അന്വേഷണം നടത്തി മറ്റു സ്ഥാപനങ്ങളിൽ ജോലിക്ക നിയോഗിച്ചിട്ടുള്ള ജീവനക്കാരുടേയും

തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ വാടക അടവാക്കുന്നില്ല

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ വാടക അടവാക്കുന്നില്ല. വാടകയ്ക്ക് പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾക്ക് വാടക വർദ്ധനവ് വരുത്തുകയോ, കരാർ പുതുക്കുകയോ ചെയ്യുന്നില്ല. വാടക കുടിശിക വരുത്തിയിട്ടുള്ള സർക്കാർ ഓഫീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | പ്രതിമാസ വാടക | കുടിശിക കാലയളവ് | ആകെ കുടിശിക |
|---|---|---|---|
| സബ് രജിസ്ട്രാർ ഓഫീസ് കറുകച്ചാൽ | 1387 | 2015-16&2016-17 | 199728 |
| പി.ഡബ്ല്യൂ.ഡി.റോഡ് വിഭാഗം | 694 | 5/16-3/17 | 7634 |
| എ.ഇ.ഒ.ഓഫീസ് കറുകച്ചാൽ | 2071 | 4/2011-3/2017 | 149112 |
| സബ്ട്രഷറി ഓഫീസ് കറുകച്ചാൽ | 2294 | കുടിശിക എന്നു മുതൽ എന്ന് വ്യക്തമല്ല | 55056(2015-16&2016-17) |
| | | ആകെ | 411530 |

മേൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഓഫിസുകളിൽ നിന്നും വാടക ഈടാക്കാതിരിയ്ക്കാൻ കാരണമുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി എല്ലാ സ്ഥാപനങ്ങൾക്കും കരാർ പുതുക്കാനും കുടിശിക അടവാക്കാനുമുള്ള നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചു. മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വാടക ഈടാക്കുകയും, പുതുക്കിയ കരാർചമയ്ക്കുകയും ചെയ്യേണ്ടതാണ്.

## 2-6 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് - ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും 2016-17 സാമ്പത്തികവർഷം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതായോ, വിറ്റുവരവ് സംബന്ധിച്ച് അന്വേഷണം നടത്തി ലൈസൻസ് ഫീസ് ഈടാക്കിയതായോ കാണുന്നില്ല (കേ.പ.രാ.സെക്ഷൻ 232,ചട്ടം 7). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഉടമയുടെ/സ്ഥാപനത്തിന്റെ പേര് | അപേക്ഷയോടൊപ്പം കാണിച്ചിട്ടുള്ള വിറ്റുവരവ് (രൂപയിൽ) | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ശ്രീ.തോമസ് കുട്ടുമ്മേൽ, മയൂര സിൽക്സ് | 75000/- | 2000/- | 1000/- (രസീത് നം. 11502105626തീ. 18.3.16) | 1000/- |
| 2 | ശ്രീ. പി ആർ അനിൽകുമാർ, കെ റ്റി ഡി സി റെസ്റ്റോറന്റ് & ബീർ പാർലർ | 30000/- | 1000/- | 500/-(രസീത് നം. 11502105655 തീ. 19.3.16) | 500/- |
| 3 | ശ്രീ.കെ.കെ ബിജു, പി എസ് ഹോണ്ട | 85000/- | 2000/- | 500/-(രസീത് നം. 11502105452 തീ.17.3.16) | 1500/- |

മേൽ പരാമർശം സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/26.7.17) ലൈസൻസ് ഫീസിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. ലൈസൻസ് ഫീസിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7-1 ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം ബിൽഡിംഗ് പെർമിറ്റ് നൽകിയതും ജോസഫ് തോമസ് &ഷാർലറ്റ് ജോസഫ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗോഡൗൺ ഉപയോഗത്തിനായുള്ള രണ്ട് കെട്ടിടങ്ങൾക്ക് ജോസഫ് തോമസ് &ഷാർലറ്റ് ജോസഫ് എന്നിവരുടെ 30.09.2016 ലെ ഒരു അപേക്ഷയിന്മേൽ 18.11.2016 ലെ A5/5933/16 (തറവിസ്തീർണം-270 ച.മീ), 23.12.2016 ലെ A5/5933/16 (തറവിസ്തീർണം-217.9 ച.മീ) എന്നീ ബിൽഡിംഗ് പെർമിറ്റുകൾ നൽകിയിട്ടുണ്ട്. ഇപ്രകാരം ഒരു അപേക്ഷയിന്മേൽ രണ്ട് പെർമിറ്റ് നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ (നം.11) മറുപടിയിൽ പെർമിറ്റ് നൽകിയ സമയത്ത് ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.
2. കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച

തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ.1/2015-ം നം സർക്കുലറിലെ നിർദ്ദേശങ്ങൾ ഈ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയപ്പോൾ പാലിച്ചിട്ടില്ല. നോട്ട് ഫയൽപ്രകാരം ഈ കെട്ടിടത്തിന്റെ ഫയലിൽ ന്യൂനതകൾ ഉള്ളതായും അവ പരിഹരിച്ച് ഹാജരാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ നിർദേശിച്ചതായും കാണുന്നു, എന്നാൽ ന്യൂനതകൾ പരിഹരിച്ചത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ചതായോ പരിശോധനാ റിപ്പോർട്ട് നൽകിയതായോ കാണുന്നില്ല .മേൽ സർക്കുലറിലെ 6-മത്തെ നിർദേശപ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേനമ്പർ, വിസ്തീർണം, കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ., നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, നിർദ്ദിഷ്ടനിർമ്മാണം കെട്ടിടനിർമ്മാണനിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവയും പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ, പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണസ്ഥലത്ത് പ്രായോഗികതലത്തിൽ ലഭ്യമാണോയെന്നുള്ള വിവരം മുതലായവ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ മേൽപ്പറഞ്ഞ തരത്തിലുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(11) യുടെ മറുപടി തൃപ്തികരമല്ല. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-7-2 കെട്ടിടത്തിന്റെ ക്രമവൽക്കരണം -നടപടിക്രമങ്ങളിലെ അപാകത

ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ ജോസഫ് തോമസ്, ഷാർലറ്റ് ജോസഫ് എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1. കെട്ടിടത്തിന്റെ 27.08.2014 ലെ A8/3031/14 നമ്പർ പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണം 416.02 (GF-190.36, F.F-208.13, Terrace-17.13)ച.മീറ്ററാണ്. വസ്തുനികുതി നിർണയഫയലിൽ ലഭ്യമാക്കിയിരിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണം 755.37 ( GF-251.79, F.F-251.79, SF-251.79) ച.മീറ്ററാണ്. തറവിസ്തീർണത്തിന്റെ കാര്യത്തിൽ പെർമിറ്റിൽ നിന്നും 339.35ച.മീറ്ററിന്റെ വ്യതിയാനം ഉള്ളതായി കാണുന്നു. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്കരണ അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 02.12.2015 ലെ 12900/ആർ.എ1/2015/തസ്വഭവ പ്രകാരമുള്ള സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. ഉദാഹരണത്തിന് അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ കെട്ടിടത്തെ സംബന്ധിച്ച് രേഖപ്പെടുത്തേണ്ട വിവരങ്ങൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് ,ശുപാർശ എന്നിവയില്ലാതെതന്നെ ഈ കെട്ടിടം ക്രമവൽക്കരിച്ച് നൽകിയതായി കാണുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (20) നൽകിയതിന് ശേഷമാണ് അസി.എഞ്ചിനീയറുടെ റിപ്പോർട്ട് ഫയലിൽ രേഖപ്പെടുത്തിയത്. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. വസ്തുനികുതിനിർണയ രജിസ്റ്റർ പ്രകാരം ഈ കെട്ടിടത്തിന് 635 /B (തറ വിസ്തീർണം-697.63 ച.മീ ), 635C (57.74 ച.മീ) എന്നീ നമ്പറുകൾ നൽകി യഥാക്രമം 70/-രൂപ, 35/- രൂപ എന്നീ അടിസ്ഥാനനിരക്കുകൾ നൽകി 2016-17വർഷം നികുതി നിർണയിച്ചിട്ടുണ്ട്. രണ്ട് വ്യത്യസ്ത നിരക്കുകൾ നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അടിസ്ഥാനനിരക്കിൽ വന്ന വ്യത്യാസം മാറ്റി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കേരള ജലവിഭവ വകുപ്പുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല -വെള്ളക്കരമിനത്തിൽ പാഴ് ചെലവ്

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 210 ടാപ്പുകൾക്ക് പ്രതിവർഷം 5250 രൂപ നിരക്കിൽ പ്രതിമാസം 91875/-രൂപ ഗ്രാമപഞ്ചായത്ത് അടവാക്കി വരുന്നു. 12.7.2016 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ പ്രവർത്തിയ്ക്കാത്ത ടാപ്പുകൾക്കും കരം ഒടുക്കുന്ന സാഹചര്യമാണെന്നും ആയതിനാൽ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്നും അസി.എക്സിക്യൂട്ടീവ് എൻജീനിയറോട് അഭ്യർത്ഥിയ്ക്കാൻ തീരുമാനിച്ചിരുന്നു. മേൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25.7.2016 ൽ എ-55/16-ാം നമ്പരായി ജലവിഭവ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. 2016-17 വർഷം വെള്ളക്കരമിനത്തിൽ 1106176 രൂപ അടവാക്കിയിട്ടുണ്ട്.പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ ജലവിഭവ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനയ്ക്കുള്ള സത്വര നടപടി സ്വീകരിച്ച് വാട്ടർ ചാർജ്ജിനത്തിൽ അധിക തുക അടവാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 വ്യക്തിഗത ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല-തുടർ നടപടികൾ നിരീക്ഷിക്കേണ്ടതാണ്

അസി.സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പഠനമുറി നിർമ്മാണം, ഭവനനിർമ്മാണം എന്നീ പ്രോജക്ടുകൾക്കായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ഒരു ഗുണഭോക്താവിന് | നൽകിയ തുക |
|---|---|---|---|---|

| | | | അർഹമായ തുക | |
|---|---|---|---|---|
| 1 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി 0071/17 | 2 | 100000 | 50000/-വീതം(ആദ്യഗഡു) |
| 2 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി 188/17 | 2 | 100000 | 50000/-വീതം (ആദ്യ ഗഡു) ഒരാൾക്ക് 10,000 രൂപ രണ്ടാംഗഡു നൽകിയിട്ടുണ്ട് |
| 3 | ഭവനനിർമ്മാണം (എസ്.സി) 0047/17 | 2 | 300000 | ഒരു ഗുണഭോക്താവിന് 210000 രൂപയും ഒരാൾക്ക് 120,000 രൂപയുമാണ് നൽകിയിട്ടുള്ളത് |
| 4 | ഭവനനിർമ്മാണം (എസ്.സി) വനിത 38/17 | 1 | 300000 | 30000+90000+90000 (3ഗഡുക്കൾ) |
| 5 | ഭവനനിർമ്മാണം (എസ്.സി)വിധവ 0172/17 | 2 | 300000 | ഒരു ഗുണഭോക്താവിന് 210000 രൂപയും ഒരാൾക്ക് 120,000 രൂപയുമാണ് നൽകിയിട്ടുള്ളത് |
| 6 | ഭവനനിർമ്മാണം (ആശ്രയ) 0063/17 | 1 | 300000 | 75000+50000 (രണ്ടുഗഡു) |
| 7 | ഭവനനിർമ്മാണം (എസ്.സി) സ്പിൽഓവർ 14/17 | 1 | 300000 | 70000 ( മൂന്നാം ഗഡു) |

ഏതാനും ഗഡു തുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ തുടർ പ്രവർത്തനങ്ങൾ നടത്തി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-3 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് നാളിതുവരെയും ലഭ്യമാക്കിയില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം: S0074/16

(ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ)

ആകെ അടങ്കൽ- 150000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

കുറുകച്ചാൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മാനേജിങ് ഡയറക്ടർ HOMCO ആലപ്പുഴയ്ക്ക് ഡി.ഡി. നം.330565 തീയതി 05.01.2017 പ്രകാരം 150000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി (28.07.2017) വരെയും മരുന്ന് ഡിസ്പെൻസറിയിൽ ലഭ്യമായിട്ടില്ല. HOMCO-ൽ നിന്നും എത്രയും വേഗം മരുന്ന് ലഭ്യമാക്കാൻ വേണ്ടനടപടികൾ സ്വീകരിക്കേണ്ടതും എത്തുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതി - 16392/-രൂപയുടെ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 048/17 പ്രകാരം ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങുന്നതിനായി 250000/-രൂപ ഡിഡി നം.330145 തീ. 24.11.16 മുഖേന ഔഷധി, ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഓഫ് കേരള, തൃശ്ശൂരിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് സംബന്ധമായ ഫയൽ പരിശോധിച്ചതിൽ നിന്നും ഔഷധി നാളിതുവരെ 233608/- രൂപയുടെ മരുന്നു മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് (ഇൻവോയിസ് നം.1215 തീയതി 3.1.17 രൂ.132749 , ഇൻവോയിസ് നം. 1423 തീ. 3.1.17 രൂ. 40986, ഇൻവോയിസ് നം.2235 തീയതി 18.3.17 രൂ.30675, ഇൻവോയിസ് നം.2407 തീയതി 22.3.17 (രൂ.29198). 16392/- രൂപയുടെ മരുന്ന് ലഭ്യമാക്കിയതായോ, മരുന്ന് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായോ കാണുന്നില്ല.

16392/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. 16392/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ബില്ലിംഗ് മെഷീൻ വാങ്ങിയത് ക്രമപ്രകാരമല്ല

പ്രോജക്ട് നം.107/17

പ്രോജക്ടിന്റെ പേര് -ബില്ലിംഗ് മെഷീൻ വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥ-വെറ്ററിനറി സർജൻ

അടങ്കൽ -12000/-(വികസനഫണ്ട് )

ചെലവ് -10000/-(ബിൽ നം.PP6/16-17 തീ.28.03.2017)

മേൽ പ്രോജക്ട് പ്രകാരം ബില്ലിംഗ് മെഷീൻ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ എറ്റവും കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത സോഫ്റ്റ് ലാന്റ്

ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 10000 /-രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ബില്ലിംഗ് മെഷീൻ വാങ്ങുകയും ചെയ്തു. ഈ ബില്ലിംഗ് മെഷീന്റെ ആവശ്യകതയും വികസനഫണ്ടുപയോഗിച്ച് ഇപ്രകാരമൊരു പ്രോജക്ട് നടപ്പിലാക്കിയതിന്മേൽ വിശദീകരണവും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.2) മറുപടിയിൽ SLBPഅഡീഷണൽ ഡയറക്ടറുടെ 25.4.16ലെ നമ്പർ സി- 625/2016നിർദ്ദേശപ്രകാരമാണ് വാങ്ങൽ നടത്തിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ഹാൻഡ് ഹെൽഡ് ബില്ലിംഗ് മെഷീൻ വാങ്ങാവുന്നതാണെന്നാണ് ഈ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്നത്. വികസനഫണ്ടിൽ നിന്നും വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ലാത്തതിനാൽ ബില്ലിംഗ് മെഷീൻ വാങ്ങുന്നതിനായി ചെലവഴിച്ച 10000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കുടുംബശ്രീ ഓഫീസ് നവീകരണം -പ്രോജക്ട് നിർവഹണത്തിലെ അപാകത സംബന്ധിച്ച്

പ്രോജക്ട് നമ്പർ -18/17

അടങ്കൽ- 200000/-രൂപ (തനത് ഫണ്ട്)

ചെലവ്- 176705/- (166703/- ചെക്ക് നം.0701484 തീ.28.03.2017 ,
10002/- രൂപ, ഡി.ഡി നം.377684, തീ.30.03.2017)

കരാറുകാരൻ -സഖി പോൾ

അളവുപുസ്തകം നമ്പർ --07/2016-17

എഗ്രിമെന്റ് നമ്പർ- 102/AE/LSGD/KCL/15-16 Dt.02.03.2016

2016-17 വർഷം ഗുണഭോക്തൃസമിതി മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ, ബന്ധപ്പെട്ട ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃസമിതി മാർഗരേഖ പ്രകാരം കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത്. ആയതിനാൽ ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ, ബന്ധപ്പെട്ട വൗച്ചറുകൾ എന്നിവയില്ലാതെ തുക നൽകിയത് ക്രമപ്രകാരമല്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22) മറുപടി ലഭ്യമാക്കിയില്ല. ചെലവുരേഖകളുടെ അഭാവത്തിൽ ഈ പ്രോജക്ടിനായി ചെലവഴിച്ച 176705/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകൾക്ക് പ്രോജക്ട് മുഖാന്തിരം തുക ചെലവഴിച്ചു

പഞ്ചായത്തിൽ സൂക്ഷിക്കുന്ന Form-3 ഫോർമാറ്റിലുള്ളതും 2 ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നതുമായ 157 പേജുള്ള (റോഡ് 112 പേജ്, നടപ്പാത 45 പേജ്) ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകൾക്ക് പദ്ധതി പ്രകാരം വിവിധ ഫണ്ടുകളിൽ നിന്നും തുക ചെലവിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോഡ് നം. (പദ്ധതി രേഖ പ്രകാരം) | പ്രവൃത്തിയുടെ പേര് (പദ്ധതി രേഖ പ്രകാരം) | ആസ്തി രജിസ്റ്റർ പ്രകാരം ക്രമ നം./റോഡ് | ചെലവ് വിവരം | ആസ്തി രജിസ്റ്റർ വിവരം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | പ്രോജക്ട് നം. 15551005000000006 | 16-ാം വാർഡിൽ പുളിമൂട് പള്ളി-പുളിമൂട് കുന്ന് റോഡ് കോൺക്രീറ്റിംഗ് പ്രകാരം 134/16-17 | മഠത്തിനാൽ ചിറ-ചേറ്റുതടം റോഡ് | 145138/- ബിൽ നം. 44/16-17 /27.3.17 | റോഡ് ഭാഗം ക്രമ നം. പേജ് 62/112 |
| 2. | 155510050000000014 | വട്ടോമണ്ണിൽ- കല്ലുകന്നേലേ റോഡ് പ്രോജക്ട് നം.173/17 | ഇരുമ്പുകുഴി സെറ്റിൽമെന്റ് കോളനി റോഡ് | 330307/- ബിൽ നം. 68/16-17/ 30.3.17 | നടപ്പാത ഭാഗം പേജ് 4/45 ക്രമ നം.14 |
| 3. | 155510050000000237 | ശ്രീരാഗം-ആലപ്പള്ളി കുന്ന് പ്ലാച്ചിക്കൽ റോഡ് പ്രോജക്ട് നം.88/16-17 | പള്ളത്തോട്- പാലൂര് റോഡ് | 292248/- ബിൽ നം. 39/16-17/ 23.3.17 | റോഡ് ഭാഗം 103/112 ക്രമ നം.237 |
| | ആകെ | | | 767693 | |

മേൽ സാഹചര്യത്തിൽ 767693/- രൂപയുടെ ചെലവ് അംഗീകരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി നം.9/27.7.16-ന് മറുപടി ലഭ്യമാക്കാത്തതിനാൽ 767693/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ടാക്സി സ്റ്റാൻഡ് നിർമ്മാണം തുടർ നടപടികളിലെ വീഴ്ച്ചകൾ

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 10/01/2007 ലെ 8(2)–ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഒരു ടാക്സി സ്റ്റാൻറ് നിർമ്മിക്കുന്നതിനുള്ള സ്ഥലം അക്വയർച്ചെയ്യുന്നതിന് തീരുമാനം കൈക്കൊണ്ടു. ടി തീരുമാനത്തിന് 18/01/2008-ലെ ജി.5955/17 KTDS ഉത്തരവിലൂടെ പഞ്ചായത്ത് ഡയറക്ടർ അനുമതിയും നൽകി. ശേഷം സർക്കാർ അനുമതിക്കായി അപേക്ഷിക്കുകയും 21/02/2008 –ലെ സ.ഉ (സാ.ധാ) നം.551/2008 തസ്വഭവ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തു. കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ കറുകച്ചാൽ വില്ലേജിലെ 434/3-2 –ാം നമ്പർ സർവ്വേയിൽ ഉൾപ്പെട്ടതും മേരി കുര്യൻ എന്നയാളിൻറെ കൈവശത്തിലും കരംതീരുവയിലുള്ളതുമായ 22 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിക്കുകയും ആയതിൻറെ വിലയായി 7620322/- രൂപ 24/04/2010- ൽ 191-ാം നമ്പർ ചെല്ലാൻ മുഖാന്തിരം എൽ.എ.സ്പെഷ്യൽ തഹസിൽദാർക്ക് ഒടുക്കുകയും ചെയ്തു. ടി വകയിൽ 57 ലക്ഷം രൂപ KURDFC-യിൽ നിന്നും 10.5% പലിശ നിരക്കിൽ സ്വീകരിച്ച ലോണും 1920322 രൂപ തനതു ഫണ്ടുമായിരുന്നു. ഭൂമി അക്വയർ ചെയ്യൽ നടപടി പൂർത്തിയായത് 29/07/2016-ൽ രജിസ്ട്രേഷൻ വകുപ്പിന് Form 14-ൽ വിവരങ്ങൾ നൽകിയതോടുകൂടിയാണ് 1/08/2016 –ൽ ലാൻറ് അക്വിസിഷൻ ഫയൽക്ലോസ് ചെയ്തതായും റവന്യൂ വകുപ്പ് പഞ്ചായത്തിനെ അറിയിച്ചു. 2015-16 –ൽ 208/15-16 നമ്പർ പ്രോജക്ടിലൂടെ 3000000/- ലക്ഷം രൂപ അടങ്കലിൽ (വികസന ഫണ്ട്) ടാക്സി സ്റ്റാൻഡ് നിർമ്മാണത്തിനായി പ്രോജക്ട് തയ്യാറാക്കുകയും രണ്ട് പാർട്ട് ബില്ലുകളിലായി 2016-17 വർഷം 2525184/- രൂപ നൽകുകയും ചെയ്തു. വസ്തു അക്വയർ ചെയ്തതിലും ലോൺ സ്വീകരിച്ച് തിരിച്ചടവ് നടത്തിയതിലും ടാക്സി സ്റ്റാന്റ് നിർമ്മാണ തീരുമാനത്തിലും തുടർ നടപടികളുടെ വീഴ്ച മുഖാന്തിരവും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് ലോൺമുഖാന്തിരവും തനതുഫണ്ടും ഉപയോഗിച്ച് ഭൂമി വില ഒടുക്കിയെങ്കിലും ഗ്രാമപഞ്ചായത്തിന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചു കിട്ടിയതായി ബോദ്ധ്യപ്പെടാൻ പര്യാപ്തമായ യാതൊരു രേഖകളും ഇല്ല. അക്വിസിഷന ശേഷം ലഭ്യമാക്കിയ മഹസ്സറും അതിർത്തി വ്യക്തമാക്കികൊണ്ട് 23/02/2016 –ൽ സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) പ്രസിദ്ധീകരിച്ച ഗസറ്റ് വിജ്ഞാപനവുമാണ് ആകെയുള്ള രേഖകൾ. ഇതിൽ മഹസ്സറിൽ വ്യക്തമാക്കുന്നത് സർക്കാർ പൊന്നുംവിലയ്ക്ക് സ്ഥലമെടുക്കുന്നതായും ഗസറ്റ് വിജ്ഞാപനത്തിൽ ആകട്ടെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിനുവേണ്ടി ടാക്സിസ്റ്റാൻഡ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് എന്നുമാണ്. പഞ്ചായത്ത് 11/07/2017-ൽ ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാക്കി നൽകണമെന്ന് തഹസിൽദാർ (ഭൂരേഖ) ചങ്ങനാശ്ശേരിയ്ക്കു കത്തു നൽകിയതാണ് നാളിതുവരെ ചെയ്ത തുടർ നടപടി.
2. സ്ഥലം ഏറ്റെടുപ്പിന് സർക്കാർ അനുമതി നൽകുമ്പോൾ (സ.ഉ.(സാധാ)551/) സർക്കാരിന് യാതൊരു തരത്തിലും ബാധ്യതയുണ്ടാകാൻ പാടില്ല എന്നു വ്യക്തമാക്കിയിരുന്നു. എന്നാൽ 2015-16 വർഷത്തെ പദ്ധതിയിൽപ്പെടുത്തി 1029871/- രൂപ പ്ലാൻഫണ്ടിൽ നിന്നും 09/05/2016-ൽ KURDFC –യിൽ ഒടുക്കി പഞ്ചായത്ത് ലോൺ ക്ലോസ് ചെയ്തു. 23/03/2016 –ലെ സർക്കാർ ഉത്തരവ് (സാധാ)നം 1312/2016 തസ്വഭവ പിൻബലത്തിലാണ് ലോൺ തിരികെ ഒടുക്കിയത്. എന്നാൽ 2015-16 –ൽ കുടിശിഖയുള്ള ലോൺ അടവിനുമാത്രമാണ് ഈ ആനുകൂല്യം ഉണ്ടായിരുന്നത്. 2018 മാർച്ച് വരെ തവണ അടയ്ക്കാനുള്ള കാലയളവു നിലനിൽക്കെ കുടിശിക ഇല്ലാതിരുന്ന സാഹചര്യത്തിലാണ് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽനിന്നും തുക ഒടുക്കിയത് ഇത് പദ്ധതിപണത്തിന്റെ ദുരുപയോഗമാണ്. മാത്രമല്ല ടി തുക ഒഴികെ ബാക്കിതുകയത്രയും തനത് ഫണ്ടിൽനിന്നാണ് പഞ്ചായത്ത് ഒടുക്കിയിട്ടുള്ളത്.
3. സ്ഥലം ഏറ്റെടുക്കുന്നതിൽ ഉള്ള എതിർപ്പ് സ്ഥലം ഉടമ ശ്രീമതി മേരി കുര്യൻ ഒരു പരാതിയിലൂടെ 2008-ൽ എൽ.എ.സ്പെഷ്യൽ തഹസിൽദാരെ അറിയിക്കുകയും ആയത് പഞ്ചായത്തിനെ റവന്യൂവകുപ്പ് അറിയിക്കുകയും ചെയ്തു. ആയതിന് പഞ്ചായത്തിൻറെ ലെറ്റർ ഹെഡിൽ 03/09/2008-ൽ A3-24/07 ആയി സെക്രട്ടറി നൽകിയ കത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് നിർബന്ധിതമായ സാഹചര്യം വ്യക്തമാക്കിയിട്ടുള്ളതോടൊപ്പം ഒരു വർഷത്തിനകം ടാക്സി സ്റ്റാൻഡ് പ്രവർത്തനം തുടങ്ങുമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂമിയേറ്റെടുക്കൽ നടപടി ക്രമം രേഖാപരമായി പൂർത്തിയായത് 29/07/2016-ൽ ആണെന്നിരുന്നിട്ടും നാളിതുവരെ ടാക്സി സ്റ്റാൻഡ് ഉപയോഗപ്രദമാക്കിയിട്ടില്ല.
4. പഞ്ചായത്തിൻറെ കൈവശത്തിലും കരം തീരുവയിലും പൂർണമായി ആസ്തിപ്രദമാക്കുന്നതിനുമുൻപേ പദ്ധതി പണം ചെലവിട്ട് ടക്സി സ്റ്റാൻഡിന് ഭൗതിക സാഹചര്യം ഒരുക്കുന്നതിന് നടപടിയെടുത്തത് ക്രമപ്രകാരമല്ല. വില്ലേജ് രേഖകളിലോ രജിസ്ട്രേഷൻ വകുപ്പിൻറെ രേഖകളിലോ ഏറ്റെടുത്ത 22 ഹെക്ടർ സ്ഥലം പഞ്ചായത്തിന്റേതാണെന്നു വ്യക്തമല്ല. കൂടാതെ 29/07/2016 –ൽ മാത്രം പഞ്ചായത്ത് ടാക്സി സ്റ്റാൻഡിനുവേണ്ടി സർക്കാർ സ്ഥലമെടുപ്പ് പൂർത്തിയാക്കിയ സാഹചര്യം നിലനിൽക്കെയാണ് 2015-16 വർഷം 208/15-16 ആയി 30 ലക്ഷം രൂപ അടങ്കൽ കൽപിച്ച് മുൻഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പദ്ധതി പണം ചെലവഴിച്ചിട്ടുള്ളത്.
5. 28.07.17-ാം തീയതി എൽ.എസ്.ജി.ഡി., സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടേയും പഞ്ചായത്ത് അധികൃതരുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഒരു കോടിയിലധികം മുടക്കി ഒരുക്കിയ ടാക്സി സ്റ്റാന്റ് കാടുപിടിച്ച് കിടക്കുന്നതായും കംഫർട്ട് സ്റ്റേഷൻ ഉപയോഗപ്രദമാക്കാത്ത സ്ഥിതിയിലും കണ്ടെത്തി.



<u>കാടുമൂടിക്കിടക്കുന്ന നിർദ്ദിഷ്ട ടാക്സി സ്റ്റാന്റും ഉപയോഗപ്രദമാക്കാത്ത കംഫർട്ട് സ്റ്റേഷനും</u>

മേൽസാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ അക്വയർ ചെയ്ത സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആക്കുന്നതിനും സർക്കാർ നിർദ്ദേശം ലംഘിച്ച് പ്ലാൻ ഫണ്ട് ചെലവിട്ടതിലെ അപാകത പരിഹരിക്കുന്നതിനും വസ്തു ഉടമയ്ക്കു നൽകിയ ഉറപ്പുപ്രകാരം നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ

ടാക്സി സ്റ്റാൻറ് പ്രവർത്തന ക്ഷമമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 ആശ്രയ ഒന്നാംഘട്ടം പദ്ധതി പണം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ നിർദ്ധനരും നിരാലംബരുമായ അഗതികളെ കണ്ടെത്തി അവർക്ക് അടിസ്ഥാന സൗകര്യം ഒരുക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്താൻ ലക്ഷ്യമിട്ടാണ് ആശ്രയ പദ്ധതിയുടെ ഒന്നാംഘട്ടം 2007-10 കാലഘട്ടത്തിൽ ആരംഭിച്ചത്. ഒന്നാം ഘട്ട പദ്ധതിയിൽ 45 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയത്. മേൽ പ്രോജക്ട് കാലയളവിൽ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി, വസ്ത്രം, ഭവന അറ്റകുറ്റപ്പണി, ഭക്ഷണം, വിദ്യാഭ്യാസം, കുടിവെള്ളം, ശൗചാലയം തുടങ്ങിയവ നൽകാനാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതി പ്രവർത്തനങ്ങൾ തുടർന്ന് നടപ്പാക്കാതെ അവസാനിച്ചു. ഒന്നാംഘട്ട പ്രോജക്ടിന്റെ അക്കൗണ്ടിൽ (A/C No.57044321238) 25.6.2017 ൽ 428221 രൂപ നീക്കിയിരുപ്പുണ്ട്. ഒന്നാംഘട്ട പ്രോജക്ടിലെ ഗുണഭോക്താക്കളുടെ ഭവനസന്ദർശനം നടത്തി പുതിയ പ്രോജക്ട് തയ്യാറാക്കി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. എത്രയും വേഗം പ്രോജക്ടിന് സർക്കാരിൽ നിന്നും അംഗീകാരം നേടി നിരാംലബർക്ക് സഹായം എത്തിക്കാൻ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-10 പ്രവൃത്തിയുടെ പൂർത്തീകരണം/വിനിയോഗ വിശദാംശങ്ങളില്ല.ചെലവ് തടസ്സപ്പെടുത്തുന്നു.

2016-17സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പ്രവൃത്തി നിക്ഷേപ പ്രവൃത്തിയായാണ് നടത്തിയത്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയോ, തുകയുടെ വിനിയോഗത്തിന്റയോ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം.,പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ഡി.ഡി.നം. |
|---|---|---|---|---|---|
| 1. | എസ് എസ് എ വിഹിതം, എസ് 0041/17 | എച്ച് എം | ജില്ലാ പ്രോഗ്രാം ഓഫീസർ, എസ് എസ് എ, കോട്ടയം | 600000/- | 330218തീ.23.11.16 |

വിനിയോഗ വിവരം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 എം ജി എൻ ആർ ഇ ജി എസ്

തൻവർഷം ആകെ 87പദ്ധതികൾ വിഭാവനം ചെയ്തതിൽ 58 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 45 പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 വർഷം പദ്ധതിയുമായി സഹകരിച്ച 525 കുടുംബങ്ങൾക്കും തൻവർഷം തൊഴിൽ ലഭിച്ചിട്ടുണ്ട്. തൻവർഷം ശരാശരി 23 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 16 വാർഡുകളിലും പ്രധാനമായും മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, നീർച്ചാലിന് ആഴംകൂട്ടൽ എന്നീ പ്രവൃത്തികളാണ് നടപ്പാക്കിയത്. എം ജി എൻ ആർ ഇ ജി എസിന്റെ 2016-17 സാമ്പത്തികവർഷത്തെ സാക്ഷ്യപ്പെടുത്തി നൽകിയ വരവു ചെലവു കണക്കുകളിൻപ്രകാരം തൻവർഷത്തെ ആകെ ചെലവ് 5116225/- രൂപയും, ഭരണപരമായചെലവ് 457956/- രൂപയുമാണ്. ആകെ ചെലവിന്റെ 8.95 ശതമാനം തുക ഭരണപരമായചെലവിന് വിനിയോഗിച്ചതായി കാണുന്നു.സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം.999/2017/തസ്വഭവ തീയതി 30.3.2017 പ്രകാരം ഭരണപരമായചെലവ് ആകെ ചെലവിന്റെ 5.5 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. തുടർ വർഷങ്ങളിൽ ഭരണപരമായചെലവ് നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കാഷ്ബുക്ക് പ്രകാരമുള്ള വരവു ചെലവുവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 547 |
| വരവ്(EFMS ഉൾപ്പെടെ) | 5116100 |
| പലിശ വരവ് | 761 |
| ആകെ | 5117408 |
| ചെലവ് | 5116225 |
| നീക്കിയിരിപ്പ് | 1183 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | കുറ്റിക്കൽ പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | അംഗനവാടി പോഷകാഹാരം | 200000 | 0 |
| " | 2016-17 | 75000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 75000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | തുക | | |
| കെ.എസ്.ഇ.ബി | ചെറുമാക്കൽ ചെമ്പംപതാൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21.A4-44/16 തീ 31.1.13 | 54600 | 54600 | 0 |
| കെ.എസ്.ഇ.ബി | ചെത്തിമറ്റം അഞ്ചാനി സ്ട്രീറ്റ് ലൈൻ നീട്ടൽ | 20.A4-44/16 തീ.31.1.17 | 52500 | 52500 | 0 |
| കെ.എസ്.ഇ.ബി | ചിറയ്ക്കൽ പറയരുകുന്ന് സ്ട്രീറ്റ് ലൈൻ നീട്ടൽ | 24.A4.44/16 തീ.31.1.17 | 33600 | 33600 | 0 |
| കെ.എസ്.ഇ.ബി | കാരിക്കാനിരവ് ഭാഗം സ്ട്രീറ്റ് ലൈൻ നീട്ടൽ | 22.A4-44/16 തീ.31.1.17 | 46200 | 46200 | 0 |
| കെ.എസ്.ഇ.ബി | തൊമ്മച്ചേരി ഈത്തപ്പാറസ്ട്രീറ്റ് ലൈൻ നീട്ടൽ | 23.A4.44/16 തീ.31.1.17 | 113250 | 113250 | 0 |
| കെ.എസ്.ഇ.ബി | കലയകുളം കറിവേപ്പില കൈരളി റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 38.A3.1360/17 തീ30.3.17 | 47250 | 47250 | 0 |
| കെ.എസ്.ഇ.ബി | കുറുപ്പൻ കവല അട്ടാറയ്ക്കൽ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 42 A3.1360/17 തീ.31.3.17 | 36000 | 36000 | 0 |
| കെ.എസ്.ഇ.ബി | കലയകുളം കറിവേപ്പിലകവല കൈരളി റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 13A4.4038/16(10) തീ.19.12.16 | 351050 | 351050 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | കെ.യു.ആർ.ഡി.എഫ്.സി.ലോൺ (ടാക്സി ഓട്ടോസ്റ്റാന്റ് നിർമ്മാണത്തിന് സ്ഥലം വാങ്ങൽ) | 57,00,000 | 395129 | ---- | 395129 | 26644 | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ-പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസം | അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014-16) 55-ാ മത് റിപ്പോർട്ട് ഖ.77 പ്രകാരം ഒഴിവാക്കി |

| | | | | | |
|---|---|---|---|---|---|
| 2000-01 | 3-6 | 2006-07 | 3-34-1 | ജെ.ജി.എസ്.വൈ മാലം മാന്തുരുത്തി റോഡ് റീടാറിംഗ് നടപ്പാക്കിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1996-97 | | 1999-2000 | 4 പേജ് 37 | ഉപാധിരഹിത ഫണ്ട് ഭവനനിർമ്മാണം അപാകതകൾ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| പ്രവർത്തനാവലോകന ഓഡിറ്റ് റിപ്പോർട്ട് | | 2011-12 | | ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും | ,, |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49880745 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46897600 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1720790 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം - ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 150000 | ഡോ.ബേസിൽ തമ്പി,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, കറുകച്ചാൽ |
| 3-4 | 16392 | ഡോ.സീബാ എസ്. ബാലകൃഷ്ണൻ,<br>മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി, കറുകച്ചാൽ |
| 3-5 | 10000 | ഡോ.രാജിറോസ് ജേക്കബ് ,<br>വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ, കറുകച്ചാൽ |
| 3-6 | 176705 | ശ്രീമതി ദിവ്യ എസ് നായർ,<br>അസിസ്റ്റൻറ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, കറുകച്ചാൽ |
| 3-7 | 767693 | |
| 3-10 | 600000 | ശ്രീമതി അനിത സൂസൻ അലക്സ്, എച്ച്.എം. ഗവ.എൽ.പി.സ്കൂൾ, ചമ്പക്കര |
| ആകെ | 1720790 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ -ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ – ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98(വരവ്) | എൽ.എഫ്.കെ.പി.8/1177/08/16.4.08 |
| 1998-99 (വരവ്) | എൽ.എഫ്.കെ.പി.8/1185/06/18.4/08 |
| 1998-99 (ചെലവ്) | എൽ.എഫ്.കെ.പി.8/1/960/അദാ./11/23.8.11 |
| 1999-2000 | എൽ.എഫ്.കെ.പി.8/1167/01/6.10.03 |
| 2000-01, 01-02 (പ്ലാൻ) | എൽ.എഫ്.കെ.പി.8/636/03/16.4.05 |
| 2000-01 | എൽ.എഫ്.കെ.പി.8/470/06/3.12.06/9.1.07 |
| 2001-02 | എൽ.എഫ്.കെ.പി.8/827/06/9.4.08 |
| 2002-03 ഡി.സി.ബി. | എൽ.എഫ്.കെ.പി.8/1184/06/19.04.08 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി.8/8886/05/27.7.06/2.9.06 |

| | |
|---|---|
| 2003-04 | എൽ.എഫ്.കെ.പി.5/587/15/7.8.15 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.5/586/15/14.9.15 |
| 2005-06 | എൽ.എഫ്.കെ.പി.5/585/15/7.8.15 |
| 2006-07 | എൽ.എഫ്.കെ.പി.5/584/15/7.8.15 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5/447/2016/6.4.10 |
| 2008-09 | എൽ.എഫ്.കെ.പി.3/445/10/19.6.12/30.6.12 |
| 2009-10 | എൽ.എഫ്.കെ.പി.5/1077/13/9.10.13 |
| 2010-11 | എൽ.എഫ്.കെ.പി.5/1078/13/4.9.13 |
| 2011-12 | എൽ.എഫ്.കെ.പി.5/158/13/2.7.13 |
| 2012-13 | എൽ.എഫ്.കെ.പി.5/1580/14/4.5.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/1558/15/20.3.16 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/731/16/15.6.16 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/117/17/15.05.17 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-കെ.ടി.എം.പി.5-1270/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 14.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻസാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്